CS (Main) Exam, 2020

**URC-C-MLY**

# മലയാളം / MALAYALAM

## (നിർബന്ധിതം) / ( COMPULSORY )

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **300**
*Maximum Marks : **300***

---

**ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ**

**ചോദ്യങ്ങൾക്കു ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

**Question Paper Specific Instructions**

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in **MALAYALAM (Malayalam script)** unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

**Q1.** **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ഭാരതത്തിലെ ആരോഗ്യ രക്ഷാസംവിധാനങ്ങൾ

(b) ഇന്ഡ്യൻ കാർഷിക നിയമത്തിന്റെ (2020) പ്രസക്തി

(c) ദേശീയവിദ്യാഭ്യാസനയം (എൻ.ഇ.പി. 2020) നേരിടുന്ന വെല്ലുവിളികൾ

(d) നിർമിത ബുദ്ധിയുടെ (AI) വർത്തമാന കാലോപയോഗങ്ങൾ

**Q2.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

ജീവനും പരിസ്ഥിതിയും തമ്മിൽ ഗാഢമായ ബന്ധമാണുള്ളതു്. എല്ലാജീവികളുടെയും ജീവിതം പരിസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ നമ്മുടെ മനസ്സും, ശരീരം, ശേഷികൾ, കരുത്തും തനതുസ്വഭാവങ്ങളുമെല്ലാം രൂപപ്പെട്ടതും വികസിച്ചതും സുസ്ഥിതി പ്രാപിച്ചതും പരിസ്ഥിതിമൂലമാണു് വാസ്തവത്തിൽ, ജീവനും പരിസ്ഥിതിയും ഗാഢമായ പരസ്പരബന്ധമുള്ളതിനാൽ അവയുടെ സഹജീവനം അത്യന്താപേക്ഷിതമാണു്.

പ്രകൃതിയാൽ ദാനം ചെയ്യപ്പെട്ട സുരക്ഷാകവചമായ പരിസ്ഥിതി മനുഷ്യരാശിക്ക് ജീവദായകവും പരിപോഷകവും തന്നെയാണു്. പരിസ്ഥിതിയുടെ ഉറവിടം പ്രകൃതിയിൽത്തന്നെ കണ്ടെത്താവുന്നതാണു്. കരപ്രദേശം, കാടുകൾ, പർവതങ്ങൾ, നദികൾ, നീരുറവകൾ, മരുഭുമികൾ, തുറസ്സായ പ്രദേശങ്ങൾ, താഴ്‌വാരങ്ങൾ, വർണാഭമായ മൃഗങ്ങളും

പക്ഷികളും ശുദ്ധജലം നിറഞ്ഞ പുഴകളും അരുവികളുമെല്ലാം കൊണ്ട് അളന്നുതിട്ടപ്പെടുത്താനാകാത്തവണ്ണം സമ്പന്നമാണു പ്രകൃതി. ജീവനെ പരിപോഷിപ്പിക്കുന്ന ഇവയ്ക്കൊപ്പം തന്നെ, സുഗന്ധവാഹിയായ കുളിർകാറ്റും കാർമേഘങ്ങളും കൊണ്ടുവരുന്ന മഴയും പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിയുടെ ഈ വരദാനങ്ങൾ മനുഷ്യരാശിക്കു സമാധാനവും സമൃദ്ധിയും പ്രദാനം ചെയ്യുന്ന സന്തുലിതമായ പരിസ്ഥിതിയെ സൃഷ്ടിക്കാൻ സഹായിക്കുന്നു. എന്നാൽ പ്രകൃതിദത്തമായ ഈ പരിസ്ഥിതി സന്തുലനം ഇപ്പോൾ ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നു ചിന്താശൂന്യരും ആന്ധ്യം ബാധിച്ചവരുമായ മനുഷ്യർ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി പാരിസ്ഥിതികാവാസവ്യവസ്ഥ അസന്തുലിതമായിക്കൊണ്ടിരിക്കുന്നത് അമ്പരപ്പെടുത്തുന്നു ഇതൊക്കെയും, നൂറ്റാണ്ടുകൾക്കു പിന്നിലുണ്ടായിരുന്ന ഹിമയുഗം വീണ്ടും വന്നണയുന്നകാലം അകലെയല്ലെന്ന് ഓർമപ്പെടുത്തുന്നു. അല്ലെങ്കിൽ ധ്രുവ പ്രദേശങ്ങളിലെ കട്ടിയായ മഞ്ഞുപാളികൾ ഉരുകിയുണ്ടാകുന്ന വിനാശകാരിയായ കൂറ്റൻ തിരമാലകൾ ഉയർന്നുവന്ന് നഗരങ്ങൾ, വനങ്ങൾ, പർവതങ്ങൾ, മൃഗങ്ങൾ, ഷഡ്പദങ്ങൾ എന്നിവയൊക്കെ വിഴുങ്ങുന്ന നാളുകൾ.

ഒരുകാര്യം ഉറപ്പാണ്; പരിസ്ഥിതിമലിനീകരണവും അസന്തുലിതത്വവും നമ്മുടെ തന്നെ ദുഷ്ചെയ്തികളും സ്വയം കൃതാനർത്ഥങ്ങളുമാണ്. ഈ അസന്തുലിതാവസ്ഥകാരണം ഭൂമി, വായു, ജലം, ശബ്ദം എന്നിവയ്ക്കെല്ലാം മലിനീകരണം ഉണ്ടാകുന്നു. പരിസ്ഥിതിമലിനീകരണം ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗം, ഉദരരോഗങ്ങൾ, കാഴ്ച, കേഴ്വിത്തകരാറുകൾ, മാനസികപിരിമുറുക്കം, മറ്റുമാനസിക

സമ്മർദ്ദരോഗങ്ങൾ എന്നിവയ്ക്കു കാരണമാകുന്നു. ഭൂമിയിൽ മനുഷ്യവർഗത്തിന്റെ അതിജീവനത്തിന് ജീവനും പ്രകൃതിക്കുമിടയിൽ ഊഷ്മളമായ സന്തുലിതഭാവം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാമെല്ലാം ബോധവാന്മാരാണ്. ഇതിന് ഉറപ്പുവരുത്തേണ്ട ചിലതുണ്ട് : ഭൗമോപരിതലം മുഴുവൻ സസ്യജാലത്താൽ ആവൃതമായിക്കൂടാ; സസ്യഭുക്കുകളായ മൃഗങ്ങളും തുല്യഅളവിൽ ഉണ്ടായിരിക്കണം. സസ്യാഹാരികളായ മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് മാംസ ഭോജികളായ മൃഗങ്ങളുടെ സാന്നിധ്യം ഒരു സമതുലിതാവസ്ഥയിൽ ഉണ്ടാകണം. അപ്രകാരം ഈ മൂന്നു വിഭാഗത്തിന്റെയും അനുപാതം സമതുലിതവും നിയന്ത്രിതവുമായ അവസ്ഥയിലായിരിക്കണം. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളോടുകൂടിയ ആധുനികയുഗത്തിന്റെ വരവോടെ വ്യാവസായികത്തൊഴിലുകൾ, വികസനവും വികാസവും, ജനസംഖ്യാവിസ്ഫോടനം എന്നിവയും വന്നുചേരുകയുണ്ടായി.

**ചോദ്യങ്ങൾ :**

(a) 'ജീവനും പരിസ്ഥിതിയും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്' എന്ന പ്രസ്താവത്തെപ്പറ്റി പ്രതികരിക്കുക. *12*

(b) പ്രകൃതിയും പരിസ്ഥിതിയുമായുള്ള ബന്ധമെന്തു് ? *12*

(c) പ്രകൃതിസന്തുലനം പരിസ്ഥിതിയെ സൃഷ്ടിക്കുന്നത് എങ്ങനെ ? *12*

(d) പാരിസ്ഥിതികമായ അസന്തുലിതത്വം മൂലമുള്ള അപകടങ്ങൾ എന്തെല്ലാം ? *12*

(e) പരിസ്ഥിതിമലിനീകരണം നിമിത്തം ഉണ്ടാക്കുന്ന രോഗങ്ങൾ ഏവ ? *12*

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

ഭാരതത്തിന്റെ ഐകമത്യവും സ്വാതന്ത്ര്യവും ഒരേചിത്രത്തിന്റെ ഇരുവശങ്ങളാണ്. ഈ ഐകമത്യം നമ്മുടെ കൈകളിൽനിന്നു വഴുതിപ്പോയാൽ ഭാരതസ്വാതന്ത്ര്യവും നോക്കിനില്ക്കെ അപ്രത്യക്ഷമാകുന്നതാണ്. അതിനാൽ ഓരോ ഭാരതീയന്റെയും പരമമായ ഉത്തരവാദിത്വം രാജ്യത്തിന്റെ രാഷ്ട്രീയ ഏകതയെ സംരക്ഷിക്കും എന്നു പ്രതിജ്ഞ ചെയ്യുകയാണ്. ഭാരതത്തിൽ ഭാഷാപരമായ വിഷയങ്ങളെക്കാൾ ഗൗരവമുള്ളവ ദേശീയ വിഷയങ്ങളാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ഏകതയെ സംരക്ഷികുന്നതിനുവേണ്ട മാനഹാനികൾ സഹിക്കണമെങ്കിൽ അതുപോലുള്ള മറ്റ് അപമാനങ്ങളും സഹിക്കാൻ നാം തീർച്ചയായും തയ്യാറാകണം. രാഷ്ട്രത്തിന്റെ ഏകത സംരക്ഷിക്കുന്നതിനു നമുക്ക് അനീതികൾ സഹിക്കേണ്ടതുണ്ടെങ്കിൽ, അത്തരം അനീതികൾ സഹിക്കാനും നാം തയ്യാറായേ മതിയാവൂ. ഒരു വിദേശശക്തിക്കും അപമാനിക്കാനാകാത്തവിധം ഭാരതം സുശക്തവും സുദൃഢവുമായ രാഷ്ട്രമാകണമെങ്കിൽ ഇതൊക്കെ സഹിക്കുകതന്നെവേണം. ആ പ്രക്രിയയിൽ രാഷ്ട്രത്തിന്റെ ഒരു ഭാഗവും മറ്റൊന്നിനോട് അനീതി ചെയ്യാൻ ധൈര്യപ്പെടുകയില്ല. ഇപ്പോൾ നമ്മുടെ സമ്പദ്വ്യവസ്ഥ സുസ്ഥിരമാവുകയാണെങ്കിൽ, ആഭ്യന്തരസംഘട്ടനങ്ങളെല്ലാം അവസാനിക്കുന്നതാണ്. ആഭ്യന്തരസംഘട്ടനങ്ങൾ ഉണ്ടെങ്കിൽപോലും കഴിഞ്ഞനാളുകളിലെപ്പോലെ സംസ്ഥാനങ്ങൾക്കിടയിൽ ഇപ്പോൾ തിക്താനുഭവങ്ങളില്ല; എന്തുകൊണ്ടെന്നാൽ, സാമ്പത്തികാഭിവൃദ്ധി ജനങ്ങളുടെ മനോഭാവത്തിൽ മറ്റം വരുത്തുന്നുണ്ട്.

രാഷ്ട്രത്തിന്റെ ഏകതയെ സംരക്ഷിക്കുന്നതോടൊപ്പം നമുക്കു നിറവേറ്റാൻ മറ്റൊരു ഉത്തരവാദിത്വം കൂടിയുണ്ട്. അതു്, സ്വാതന്ത്ര്യ സമരഘട്ടം മുതൽ ഭാരതത്തിന് ഒരു പരമാധികാരരാഷ്ട്രത്തിന്റെ ഘടനയും ആദർശവും സമ്മാനിക്കുന്നതിനുവേണ്ടി നടത്തിപ്പോന്ന പ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ടുവന്നതാണു്. ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് ഏതാണ്ട് എഴുപത്തിമൂന്നു സംവത്സരങ്ങളായിരിക്കുന്നു. എന്നിട്ടും നമുക്ക് മറ്റനവധി ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സ്വാതന്ത്ര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതു് ആവശ്യത്തിനു ഭക്ഷ്യലഭ്യതയോ വ്യവസായങ്ങൾ തുടങ്ങാനുള്ള ശേഷിയോ മാത്രമല്ല. സ്വാതന്ത്ര്യം എന്നതിന്റെ പരമമായ അർത്ഥം, ആത്മാവിന്റെ പരമൊന്നത പ്രാപ്തിയും മനുഷ്യവ്യക്തിയുടെ സകലവിധമായ മോചനവും എന്നാണു്. അപ്പോൾ മാത്രമാണു് രാഷ്ട്രത്തിന് അതിന്റെ സമ്പൂർണ്ണാവിഷ്കാരാനുഭവം കൈവരിക്കാനാവുക. വിശക്കുന്നവന്റെ മുന്നിൽ തത്ത്വചിന്ത വിളമ്പുന്നതു് വ്യർത്ഥമാണു്.

ഭാരതം ഒരു പുതിയ രാഷ്ട്രമല്ല. ഭാരതസംസ്കൃതി ഉരുത്തിരിഞ്ഞുവന്ന ഭാഷ ലോകത്തിലെ ഏറ്റവും പുരാതനമായ ഭാഷകളിലൊന്നാണ്. ഭാരതത്തിലെ ഏറ്റവും പൗരാണിക ഗ്രന്ഥമായി കണക്കാക്കുന്ന കൃതി മനുഷ്യരാശിയുടെ തന്നെ ഏറ്റവും ആദ്യമുണ്ടായ രചനകളിലൊന്നായി വീക്ഷിക്കപ്പെടുന്നതാണു്. ഒട്ടേറെ വൈദേശികാധിനിവേശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സംസ്കാര സമ്പന്നമായ സ്വന്തം ഭൂതകാലത്തെ കൈവെടിയാൻ ഒരിക്കലും തയ്യാറാകാത്ത രാഷ്ട്രമാണുഭാരതം. നൂതനശാസ്ത്രസാങ്കേതികസംസ്കാരങ്ങൾക്കൊന്നിനും ഭാരതത്തിന്റെ ഗതകാലപ്പെരുമയോടുള്ള സ്നേഹബന്ധത്തെ കവർന്നെടുക്കാൻ

ആവുകയുമില്ല. കഴിഞ്ഞ 250 വർഷങ്ങളിൽ നമുക്കു വിളമ്പിത്തന്നവ മാത്രമല്ല സത്യം. പിന്നിട്ട 6000 വർഷങ്ങളിലൂടെ വികസിച്ചുവന്ന അനവധി വിജ്ഞാനഘടകങ്ങളും സത്യം തന്നെയാണ്. ഭൗതികസമൃദ്ധി സമ്മാനിക്കുന്നതുമാത്രമായ ഒരു പുതുയുഗത്തെയല്ല ഭാരതത്തിനു വേണ്ടതു്; ധാർമികവും മനുഷ്യാത്മാവിന്റെ പരിശുദ്ധി പരിരക്ഷിക്കുവാൻ പര്യാപ്തവുമായ വിധത്തിൽ ഭൂതകാലം കരുതിവച്ച സത്യപ്രമാണങ്ങൾ കൂടി ഉൾപെടുന്നതാണു വേണ്ടതു്.

ശാസ്ത്രസാങ്കേതികതയുടെ ഉദയം മുതൽതന്നെ ലോകത്തിലെ മിക്കരാജ്യങ്ങളിലും പൗരാണികമൂല്യങ്ങളും ആധുനിക വീക്ഷണവും തമ്മിൽ സംഘട്ടനം നടക്കുന്നുണ്ട്. ഇപ്പോൾ മിക്കരാജ്യങ്ങളിലും അവരുടെ പൂർവ സംസ്കാരത്തെ പരാജയപ്പെടുത്തിക്കൊണ്ട് വർത്തമാനകാലം വിജയിയായിത്തീരുന്നുണ്ട്. ഭാരതം മാത്രമാണു് നെടുനാളായിത്തുടരുന്ന ആ യുദ്ധത്തിൽ വിജയിച്ച്  വർത്തമാനകാലത്തെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതു്. ഭാരതത്തിലാകട്ടെ, പൗരാണികവിജ്ഞാനം ദുർബലമാവുകയോ കാലഹരണപ്പെടുകയോ ഒന്നുംചെയ്തിട്ടില്ല. ഭാരതീയമായ പൂർവികജ്ഞാനം എന്നും വർത്തമാനകാലത്തെ സ്വാഗതം ചെയ്യുന്നതും ഭാവിയെ ലക്ഷ്യമാക്കി മുന്നേറുന്നതുമാണു്. ഭാരതം എല്ലാകാലത്തും സ്വന്തമായ പാതയിലൂടെയാണു് മുന്നേറിക്കൊണ്ടിരിക്കുന്നതു്. ശ്രീരാമകൃഷ്ണൻ, സ്വാമിവിവേകാനന്ദൻ, ബാലഗംഗാധരതിലകൻ, മഹർഷി അരവിന്ദൻ മുതലായ മഹാവ്യക്തികൾ നമ്മുടെ പൗരാണികവിജ്ഞാനത്തെ മാനിക്കുകയും അതുമായി താദാത്മ്യപ്പെടാൻ നിർദ്ദേശിക്കുകയും അതിനെ വർത്തമാനകാലത്തോട് ഇണക്കുകയും അതിന്റെയടിസ്ഥാനത്തിൽ

എത്രതവേണമെങ്കിലും മുന്നോട്ടുപോകാമെന്നു കാട്ടിത്തരുകയും ചെയ്തിട്ടുണ്ട്. പൗരാണികമായ അനർഘമൂല്യങ്ങളുടെ പ്രയോക്താവെന്നനിലയിൽ ഒന്നാമതു ചൂണ്ടിക്കാട്ടാവുന്ന വ്യക്തിയായിരുന്നു മഹാത്മാഗാന്ധി. ആചാര്യവിനോബാഭാവെയും ഭൂതകാലത്തിന്റെ കണ്ണടയിലൂടെ വർത്തമാനകാലത്തെയും ഭാവിയെയും ദർശിക്കുകയുണ്ടായി. ആധുനികൻ എന്നതിനുപുറമെ രവീന്ദ്രനാഥ ടാഗോറും നമ്മുടെപൗരാണികവിജ്ഞാനത്തെ ഏറ്റവും ശക്തമായി പിന്തുണച്ചിരുന്നു. ഇക്കാലത്തുപോലും നാംനമ്മുടെ പൂർവജ്ഞാനങ്ങളെ ഉപേക്ഷിച്ചിട്ടില്ല. ഭുതകാലം നമ്മുടെ അമൂല്യപൈതൃകമാണു്.

*[324 വാക്കുകൾ]*

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്യുക : 20**

ഇത് ഒരു ജീവിതസത്യമാണു്, ശ്രദ്ധയോടെയല്ല നടക്കുന്നതെങ്കിൽ, നടക്കുന്നതിനിടയിൽ നിങ്ങൾ വല്ല ചാലിലോ മാലിന്യക്കുഴിയിലോ വീഴാനിടയുണ്ട്. ശാസ്ത്രപുരോഗതിയുടെ കാര്യത്തിലും ഇതുതന്നെയാണു സത്യം. ശാസ്ത്രത്തെ നാം മനുഷ്യരുടെ നേട്ടത്തിനും പുരോഗതിക്കും വേണ്ടി പ്രയോഗിക്കുകയാണെങ്കിൽ, അതൊരു അനുഗ്രഹമാവുകയും ആർക്കും അതിന്റെ ഉപയോഗത്തെ തടയാൻ പറ്റാതാവുകയും ചെയ്യും. എന്നാൽ ശാസ്ത്രത്തെ നശീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ, അതു് വിനാശകാരിയാവുകയും മാനവരാശിയുടെ ശാപമാവുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ശാസ്ത്രം ഭൗതികസൗകര്യങ്ങളും സമാശ്വാസവുമൊക്കെ നല്കുന്നുണ്ടെങ്കിലും, അതു നമുക്കു മനഃസമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നതിൽ പരാജയപ്പെടുന്നതു് അതിന്റെ നശീകരണക്ഷമതകൊണ്ടാണു്, ഭൗതിക പുരോഗതികൊണ്ടു് മനുഷ്യജീവിതം തിരക്കേറിയതും യാന്ത്രികവും ആയി മാറിയിട്ടുണ്ട്. അതിന്റെ ഫലമായി, ശാസ്ത്രമേഖലയിലെ പുരോഗതികൾ മനുഷ്യന്റെ ആന്തരികസമാധാനത്തെയും സന്തോഷത്തെയും

പരിമിതപ്പെട്ടുത്തിയിരിക്കുന്നു. ധാർമികമൂല്യങ്ങളും മനുഷ്യമേന്മയുമൊക്കെ ജീർണിച്ചുപോയിരിക്കുന്നു. ഇതൊക്കെത്തന്നെയും ശാസ്ത്രത്തെ ദുരുപയോഗം ചെയ്യുകയും സ്വയം വൻപ്രതിസന്ധിയിലാവുകയും ചെയ്ത മനുഷ്യരുടെ പിഴവുകൊണ്ടു മാത്രം ഉണ്ടായതാണു്.
സർവനശീകരണായുധങ്ങൾ ശാസ്ത്രീയകണ്ടുപിടിത്തങ്ങളുടെ ഒരു പരിണതഫലമാണു്.

എപ്പോഴാണോ മനുഷ്യൻ അവന്റെ സ്വാർത്ഥകേന്ദ്രീകരണം ഉപേക്ഷിക്കുകയും ശാസ്ത്രത്തിന്റെ പുരോഗമന പ്രകൃതത്തെ മനുഷ്യവർഗത്തിന്റെ നേട്ടത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നത്, അപ്പോൾ മാത്രമായിരിക്കും, ശാസ്ത്രം മനുഷ്യജീവിതത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും സഹായകമാവുക, സംശയമില്ല.

**Q5. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു് തർജ്ജമ ചെയ്യുക :** *20*

One of India's greatest musicians was M.S. Subbulakshmi, affectionately known to most people as 'MS'. Her singing brought joy to millions of people not only in all parts of our country, but in other countries around the world as well. In October 1966, MS was invited to sing in the great hall of the General Assembly of the United Nations in New York, while representatives of all the member countries listened. This was one of the greatest honours ever given to any musician. For several hours MS kept that international audience spellbound with the beauty of her voice and her style of singing; when the concert was over, the entire audience stood up and clapped as a sign of their appreciation of not only the singer but of the great music that she had carried with her from an ancient land. India could not have had a better ambassador. MS was the first musician ever to be awarded the 'Bharat Ratna', India's highest civilian honour. She was the first Indian musician to receive the Ramon Magsaysay Award in 1974 with the citation reading "exacting purists acknowledge Shrimati M.S. Subbulakshmi as the leading exponent of classical and semi-classical songs in the Carnatic tradition of South India".

**Q6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

**(a) അർഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) ശ്ലോകത്തിൽ കഴിക്കുക *2*

(ii) ചിറ്റമ്മനയം *2*

(iii) തലമറന്ന് എണ്ണതേയ്ക്കുക *2*

(iv) വലം കൈ *2*

(v) നേരും നെറിയും *2*

**(b) സന്ധി ചെയ്യുക :** *2×5=10*

(i) പൊൻ + താമര *2*

(ii) എ + മട്ട് *2*

(iii) ഉൾ + മ *2*

(iv) ആയി + എങ്കിൽ *2*

(v) ഗതി + അന്തരം *2*

**(c) താഴെ കൊടുത്തിട്ടുള്ള പദങ്ങളുടെ സ്ത്രീലിംഗരൂപം എഴുതുക :** *2×5=10*

(i) യോദ്ധാവ് *2*

(ii) ഉദ്യാനപാലകൻ *2*

(iii) സഹകാരി *2*

(iv) മിതഭാഷി *2*

(v) യുക്തിമാൻ *2*

(d) താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2×5=10*

(i) യാദൃശ്ചികം *2*

(ii) രാഷ്ട്രീയപരം *2*

(iii) അടിമത്തം *2*

(iv) ദൈന്യത *2*

(v) പീഢ *2*